## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3147 | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | കേന്ദ്രസർക്കാരിന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൽ തിരുവനന്തപുരം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതിയിലൂടെ തിരുവനന്തപുരത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽ 1522 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അടിസ്ഥാന നഗര സേവനങ്ങൾ, സുരക്ഷിതവും പ്രാപ്യവുമായ ഗതാഗത സംവിധാനങ്ങൾ, കാര്യക്ഷമമായ ഭൂവിനിയോഗം, സാംസ്കാരിക തനിമയും പൈതൃകവും, സുഗമവും സൗഹാർദ്ദവുമായ പരിസ്ഥിതി, സാമൂഹിക - സാമ്പത്തിക ഉൾക്കൊള്ളൽ തുടങ്ങിയ 5 മേഖലകൾ ഉൾപ്പെട്ട 33 വികസന പദ്ധതികളും പാൻ സിറ്റി പദ്ധതിയിൽ സ്മാർട്ട് വാട്ടർ മീറ്ററിംഗ്, ഖരമാലിന്യ ഡാറ്റാ സെന്റർ, എമർജൻസി റെസ്പോൺസ് സിസ്റ്റം, കാര്യക്ഷമമായ ഗതാഗത നിയന്ത്രണ സംവിധാനം, സുരക്ഷിത സഞ്ചാരം (സ്ട്രീറ്റ് ലൈറ്റ്), സ്മാർട്ട് മോസ്കിറ്റോ ഡെൻസിറ്റി സിസ്റ്റം തുടങ്ങി 6 പദ്ധതികളും ഇ-ഗവേണൻസ് പോർട്ടലുമാണ് സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി കൺസൾട്ടന്റിനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (ബി) | തീരുമാനിച്ചിട്ടുണ്ട്.ഇതിനുള്ള ടെണ്ടർ ഡോക്യുമെന്റേഷൻ നടന്നു വരുന്നു. |
| (സി) | സ്മാർട്ട് സിറ്റി നടപ്പാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക വീതമാണ് ചെലവഴിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (സി) | സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 500 കോടി രൂപ വീതമാണ് ചെലവഴിക്കുന്നത്. |
| (ഡി) | കൊച്ചി സ്മാർട്ട് സിറ്റി നടത്തിപ്പിലുണ്ടായ പോരായ്മകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിൽ ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പോരായ്മകൾ ഇല്ലാതെ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ത്വരിത ഗതിയിൽ നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ട്രിവാൻഡ്രം സ്മാർട്ട് സിറ്റി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ